**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3229** **01-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബർ മുതൽ നിയമിതരായ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കോടതിയിൽ നിലവിലുള്ള കേസുകൾ തടസ്സമാണോ; പ്രസ്തുത കേസുകൾ അനന്തമായി നീണ്ടുപോവുന്നത് ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | എയ്ഡഡ് പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ പി.എസ്.സി. വഴി നിയമിതരയ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയായി കാണുന്നുണ്ടോ; | (ബി) | പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക |

| | | | |
|---|---|---|---|
| | | | പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | കോടതി വിധിക്ക് വിധേയമായി 2021 ഒക്ടോബർ മുതൽ നിയമിതരായ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് കോടതി വിധി എതിരായി വന്നാൽ ഒരു സർക്കാർ ഉത്തരവിലൂടെ തിരിച്ച് പിടിക്കാൻ കഴിയുന്ന തരത്തിൽ ആനുകൂല്യം നൽകുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ